പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2597 1.4.2013 ലെ മറുപടിക്ക്

പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. രാധാകൃഷ്ണൻ | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) ചേലക്കര മണ്ഡലത്തിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ ആമപ്പാറച്ചുവട് കുടിവെള്ള പദ്ധതി, വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്തിലെ തെക്കേക്കുന്ന് കോളനി കുടിവെള്ള പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട അപേക്ഷകൾ പട്ടികജാതി വികസന വകുപ്പ് തൃശ്ശൂർ ജില്ലാ ആഫീസിൽ എന്നാണ് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ; | എ) | പാഞ്ഞാൾ ഗ്രാമ പഞ്ചായത്തിലെ ആമപ്പാറച്ചുവട് കുടിവെള്ള പദ്ധതിയുടെ പ്രൊപ്പോസൽ 17.02.2011-ലും വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിലെ തെക്കേക്കുന്ന് കോളനി കുടിവെള്ള പദ്ധതിയുടെ അപേക്ഷ 30.11.2009-ലും ആണ് തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ലഭിച്ചത്. |
| ബി) പ്രസ്തുത കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; | ബി) | ഇല്ല; 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം തയ്യാറാക്കിയതും പട്ടികജാതിക്കാർക്ക് വ്യക്തിഗത കണക്ഷൻ നല്കുന്ന രീതിയിലുള്ളതുമായ എസ്റ്റിമേറ്റ് ലഭ്യമാക്കാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. |
| സി) ഇതിൽ ഓരോ പദ്ധതികളുടെയും നടപടികൾക്കായി പട്ടികജാതി വികസന വകുപ്പിന്റെ ജില്ലാ ആഫീസ്, ഡയറക്ടർ ആഫീസ് എന്നിവിടങ്ങളിൽ എത്ര കാലമെടുത്തുവെന്നും ഇനി എത്ര കാലം കൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കുമോ; | സി) | 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം തയ്യാറാക്കിയതും പട്ടികജാതിക്കാർക്ക് വ്യക്തിഗത കുടിവെള്ള കണക്ഷനും ഇതര വിഭാഗക്കാർക്ക് പൊതു ടാപ്പും നല്കുന്ന രീതിയിലുള്ള എസ്റ്റിമേറ്റും അനുബന്ധ രേഖകളും ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. |

| | | |
|---|---|---|
| ഡി) ഈ സാമ്പത്തിക വർഷം തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ആഫീസിൽ ഇപ്രകാരം കുടിവെള്ള പദ്ധതികൾക്കായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്രയെണ്ണം നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിച്ചുവെന്നും ഏതെങ്കിലും പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ? | ഡി) | 2012-13 സാമ്പത്തിക വർഷം ചോലപ്പറമ്പ് കുടിവെള്ള പദ്ധതി , മുത്തേടത്ത് പടി, മാരാത്ത് കുന്ന് , മങ്കര കുടിവെള്ള പദ്ധതി എന്നീ പദ്ധതികളുടെ അപേക്ഷകൾ തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ.